# PROCEEDINGS OF THE COCHIN DEVASWOM BOARD

കൊച്ചിൻ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന-
1. 19/04/21 ലെ പത്രം, വെബ്സൈറ്റ് എന്നിവയിലെ പരസ്യം
2. Revive General Insurance, united India Insurance Ltd എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ
3. 12/08/21 ലെ നെഗോസിയേഷൻ
4. Revive General Insurance എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ
5. ബഹു. ബോർഡിന്റെ 30/09/21 ലെ 17-ാം നമ്പർ യോഗതീരുമാനം

**<u>ഉത്തരവ് നമ്പർ എം-12112/19 തിയ്യതി - 06/10/2021</u>**

കൊച്ചിൻ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആയതിലേയ്ക്ക് ക്വട്ടേഷനുകൾ ലഭിക്കുന്നതിനായി സൂചന (1) പ്രകാരം പരസ്യം പ്രസിദ്ധീകരിച്ചിട്ടുള്ളതും സൂചന (2) പ്രകാരം ക്വട്ടേഷനുകൾ ലഭ്യമായിട്ടുള്ളതുമാണ്. ബഹു.ബോർഡ് തീരുമാനത്തോടനുബന്ധിച്ച് സൂചന (3) പ്രകാരം ക്വട്ടേഷൻ സമർപ്പിച്ചവരുമായി നെഗോസിയേഷൻ നടത്തുകയും നിലവിലെ ക്വട്ടേഷൻ പുതുക്കി ഭേദപ്പെട്ട മറ്റൊരു ക്വട്ടേഷൻ ഒരാഴ്ചക്കകം വീണ്ടും സമർപ്പിക്കുന്നതിന് അറിയിച്ചതുമാണ്. എന്നാൽ സൂചന (4) പ്രകാരം മേൽ സ്ഥാപനം മാത്രമാണ് പുതുക്കിയ ക്വട്ടേഷൻ സമർപ്പിച്ചിരുന്നത്.

സൂചന (2), (4) പ്രകാരം ലഭ്യമായ ക്വട്ടേഷനുകൾ പരിഗണിച്ചതിൽ നിലവിലുള്ള അവസ്ഥയിൽ ഈ ക്വട്ടേഷനുകൾ കൊച്ചിൻ ദേവസ്വം ബോർഡിനു ജീവനക്കാർക്കും സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുന്നതിനും, പുതിയ ടെണ്ടർ വിളിയ്ക്കുന്നതിനും സൂചന (5) പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

ടെണ്ടർ റദ്ദാക്കിയ നടപടി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് സിസ്റ്റം മാനേജർ ഇൻചാർജ്ജും പുതിയ ടെണ്ടർ നടത്തുന്നതിന് ബന്ധപ്പെട്ട സെക്ഷനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻപ്പടി
(ഒപ്പ്)
സെക്രട്ടറി (ഇൻചാർജ്ജ്)

To

Secy to Board, CA to SDC
Dy.Commr, FAO, Dy.Secy,
SM I/C, SF, File

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്